# Year of Spirituality
# Eparchial Quiz Competition



## Week 3 (December 22nd 2024)

41. Q: What represents the first extensive piece of Syriac literature to survive?

A: Aphrahat’s Demonstrations.

42. Q: What is the primary concern of the first group of Aphrahat's ten Demonstrations?

A: Aspects of the Christian life.

43. Q: Who is the target audience of the second group of Aphrahat's Demonstrations (XI-XXII)?

A: Christians who were attracted by Judaism and had adopted various Jewish practices.

44. Q: Which Demonstration by Aphrahat holds the distinction of being the earliest Christian treatise in any language on prayer, excluding Origen's third-century writings on the Lord's Prayer?

A: Demonstration IV.

45. Q: Which of Aphrahat's Demonstrations is one of the most important sources for knowledge of the early Syriac ascetic tradition?

A: Demonstration VI.

46. Q: By what terms were the men and women referred to who had made some sort of ascetic commitment, as addressed in Aphrahat's Demonstration VI?

A: *Ihidaye, bnay qyama, bthule, and qaddishe*.

47. Q: What does the term ihidaye generally refer to?

A: 'Solitary, hermit' as opposed to dayraya, a cenobitic monk.

48. **Q:** What broader meanings did the term *ihidaya* have in fourth-century texts?

**A:** Single (in the sense of celibate), single minded, and follower of Christ the *ihidaya*.

49. Q: What does the term *ihidaya* correspond to when referred to Christ?

A: Greek *monogenes*, ‘Only-Begotten’.

50. Q: What does *bnay qyama* literally mean?

A: ‘Children of covenant’.

51. Q: What is the Syriac term for 'Son of covenant'?

A: *Bar qyama*.

52. Q: What is the Syriac term for 'Daughter of covenant'?

A: Bath *qyama*.

53. Q: What are the two categories that make up the *ihidaye* or *bnay qyama*?

A: The *bthule* and the *qaddishe*.

54. Q: What does the Syriac term *bthule* literally mean?

A: Virgins.

55. Q: What does the term *bthule* refer to in Aphrahat's Demonstrations?

A: Unmarried men or women who have committed themselves to celibacy.

56. Q: What does the Syriac term *qaddishe* literally mean?

A: Holy ones.

57. Q: What does the term *qaddishe* refer to in Aphrahat's Demonstrations?

A: Married people who have decided to refrain from sexual intercourse.

58. Q: From where do the *qaddishe,* with its notion of married people who have decided to refrain from sexual intercourse, derive?

A: The Sinai narratives in Exodus 19: 10-15.

59. Q: What are the titles of Aphrahat's Demonstrations that concern contemporary events and are of historical significance?

A: On Wars (Demonstration V), Exhortation (Demonstration XIV), and On the Persecution (Demonstration XXI).

60. Q: What is the title of Aphrahat's first Demonstration?

A: On Faith.




**Week 3 (December 15th–2024) Malayalam**

41. ചോ: സുറിയാനി സാഹിത്യത്തിൽ ഇന്ന് അതിജീവിക്കുന്ന ഏറ്റവും ആദ്യത്തേതെന്ന് കരുതപ്പെടുന്ന വിപുലമായ കൃതിയേതാണ്?

ഉ: അഫ്രഹാത്തിന്റെ ലേഖനങ്ങൾ (Demonstrations).

42. ചോ: അഫ്രഹാത്തിന്റെ ലേഖനസമാഹാരത്തിലെ (Demonstrations) ആദ്യത്തെ പത്ത് ലേഖനങ്ങളുടെ കേന്ദ്ര പ്രമേയം എന്താണ്?

ഉ: ക്രിസ്തീയ ജീവിതത്തിന്റെ വിവിധ വശങ്ങൾ.

43. ചോ: അഫ്രഹാത്തിന്റെ ലേഖനസമാഹാരത്തിലെ രണ്ടാമത്തെ കൂട്ടം ലേഖനങ്ങൾ (Demonstrations XI-XXII) ആരെ ലക്ഷ്യം വച്ചാണ് എഴുതിയിരിക്കുന്നത്?

ഉ: യഹൂദമതത്തിൽ ആകൃഷ്ടരായവരും ആ മതത്തിലെ വിവിധ ആചാരങ്ങൾ സ്വീകരിച്ചവരുമായ ക്രൈസ്തവരെ ലക്ഷ്യം വച്ച്.

44. ചോ: കർത്താവിന്റെ പ്രാർത്ഥനയെക്കുറിച്ചുള്ള ഒരിജന്റെ മൂന്നാം നൂറ്റാണ്ടിലെ രചനകൾ മാറ്റിനിർത്തിയാൽ, പ്രാർത്ഥനയെക്കുറിച്ച് രചിക്കപ്പെട്ട ഏറ്റവും ആദ്യത്തെ ക്രൈസ്തവ പ്രബന്ധം ഏതാണ്?

ഉ: അഫ്രഹാത്തിന്റെ നാലാമത്തെ ലേഖനം (Demonstrations IV).

45. ചോ: അഫ്രഹാത്തിന്റെ ഏത് ലേഖനമാണ് ആദ്യകാല സുറിയാനി സന്യാസ പാരമ്പര്യത്തെക്കുറിച്ച് അറിവ് തരുന്ന ഏറ്റവും പ്രധാനപ്പെട്ട ഉറവിടങ്ങളിലൊന്നായി പരിഗണിക്കപ്പെടുന്നത്?

ഉ: അഫ്രഹാത്തിന്റെ ആറാമത്തെ ലേഖനം (Demonstrations VI).

46. ചോ: വിവിധ തരത്തിലുള്ള സന്യാസ വ്രതങ്ങൾ സ്വീകരിച്ചിരുന്ന പുരുഷന്മാരും സ്ത്രീകളും അഫ്രഹാത്തിന്റെ കാലത്ത് ജീവിച്ചിരുന്നു. അഫ്രഹാത്തിന്റെ ആറാമത്തെ ലേഖനത്തിൽ (Demonstrations IV) പരാമർശിച്ചിരിക്കുന്നതനുസരിച്ച് ഏതൊക്കെ പേരുകളിലാണ് ഇത്തരത്തിലുള്ള പുരുഷന്മാരും സ്ത്രീകളും അറിയപ്പെട്ടിരുന്നത്?

ഉ: ഈഹീദായെ, ബ്നയ് ക്യാമ, ബ്ത്തുലെ, ഖാദീശെ തുടങ്ങിയ പേരുകളിൽ.

47. ചോ: ഈഹീദായെ എന്ന സുറിയാനി പദംകൊണ്ട് പൊതുവെ ആരെയാണ് സൂചിപ്പിക്കുന്നത്?

ഉ: ഏകാന്ത സന്യാസിജീവിതം നയിക്കുന്ന വ്യക്തികളെ.

48. ചോ: നാലാം നൂറ്റാണ്ടിലെ ഗ്രന്ഥങ്ങളിൽ ഈഹീദായ എന്ന പദത്തിന് എന്തൊക്കെ വിശാലമായ അർത്ഥങ്ങളാണുള്ളത്?

ഉ: ബ്രഹ്മചര്യവ്രതം പാലിച്ചുജീവിക്കുന്ന ഏകാന്ത സന്യാസി, ഒരു കാര്യത്തിൽ മാത്രം ശ്രദ്ധകേന്ദ്രീകരിച്ച് ഏകമനസ്സോടെ ജീവിക്കുന്നവൻ, ഏകജാതനായ മിശിഹായെ അനുഗമിക്കുന്നവൻ തുടങ്ങിയ അർത്ഥങ്ങൾ.

49. ചോ: മിശിഹായെപറ്റി പരാമർശിക്കുമ്പോൾ ഈഹീദായ എന്ന പദം എന്താണ് അർത്ഥമാക്കുന്നത്?

ഉ: ഏകജാതനെ സൂചിപ്പിക്കാൻ ഗ്രീക്ക് ഭാഷയിൽ ഉപയോഗിക്കുന്ന മോണോഗെനസ്സ് എന്ന സംജ്ഞയെ.

50. ചോ: ബ്നയ് ക്യാമ എന്ന പദം അക്ഷരാർത്ഥത്തിൽ എന്താണ് സൂചിപ്പിക്കുന്നത്?

ഉ: 'ഉടമ്പടിയുടെ മക്കൾ' എന്ന്

51. ചോ: 'ഉടമ്പടിയുടെ പുത്രൻ' എന്നതിന്റെ സുറിയാനി പദം എന്താണ്?

ഉ: ബർ ക്യാമ.

52. ചോ: 'ഉടമ്പടിയുടെ പുത്രി' എന്നതിന്റെ സുറിയാനി പദം എന്താണ്?

ഉ: ബസ്സ് ക്യാമ.

53. ചോ: ഏതൊക്കെ രണ്ട് വിഭാഗങ്ങൾ ചേർന്നാണ് ഈഹീദായെ, ബ്നയ് ക്യാമ തുടങ്ങിയ സമൂഹങ്ങൾ രൂപപ്പെടുന്നത്?

ഉ: ബ്ത്തൂലെ, ഖാദീശെ തുടങ്ങിയ വിഭാഗങ്ങൾ ചേർന്ന്.

54. ചോ: ബ്ത്തൂലെ എന്ന സുറിയാനി പദം അക്ഷരാർത്ഥത്തിൽ ആരെയാണ് സൂചിപ്പിക്കുന്നത്?

ഉ: കന്യകമാരെ.

55. ചോ: അഫ്രഹാത്തിന്റെ ലേഖനങ്ങളിൽ ബ്ത്തൂലെ എന്ന പദം ആരെയാണ് സൂചിപ്പിക്കുന്നത്?

ഉ: ബ്രഹ്മചാരികളായി ജീവിക്കുന്ന അവിവാഹിതരായ പുരുഷന്മാരെയോ സ്ത്രീകളേയോയാണ് സൂചിപ്പിക്കുന്നത്.

56. ചോ: ഖാദീശെ എന്ന സുറിയാനി പദത്തിന്റെ അർത്ഥമെന്താണ്?

ഉ: വിശുദ്ധർ.

57. ചോ: അഫ്രഹാത്തിന്റെ ലേഖനങ്ങളിൽ (Demonstrations) ഖാദീശെ എന്ന പദം ആരെയാണ് സൂചിപ്പിക്കുന്നത്?

ഉ: ലൈംഗിക ബന്ധത്തിൽ നിന്ന് വിട്ടുനിൽക്കാൻ തീരുമാനിച്ച വിവാഹിതരായവരെ.

58. ചോ: ലൈംഗിക ബന്ധത്തിൽ നിന്ന് വിട്ടുനിൽക്കാൻ തീരുമാനിച്ച വിവാഹിതരായവരെ സൂചിപ്പിക്കുന്ന ഖാദീശെ എന്ന ജീവിതരീതിയുടെ ദർശനങ്ങൾ എവിടെ നിന്നാണ് ഉരുത്തിരിഞ്ഞുവന്നത്?

ഉ: പുറപ്പാട് 19:10-15-ൽ നിന്ന്

59. ചോ: അഫ്രഹാത്തിന്റെ ലേഖനങ്ങളിൽ (Demonstrations) സമകാലിക സംഭവങ്ങളുമായി ബന്ധപ്പെട്ടതും ചരിത്രപരമായ പ്രാധാന്യമുള്ളതുമായ ലേഖനങ്ങൾ ഏതൊക്കെയാണ്?

ഉ: യുദ്ധത്തെക്കുറിച്ച് (ലേഖനം V), പ്രബോധനത്തെക്കുറിച്ച് (ലേഖനം XIV), പീഡനത്തെക്കുറിച്ച് (ലേഖനം XXI) തുടങ്ങിയ തലക്കെട്ടോടുകൂടിയ ലേഖനങ്ങൾ.

60. ചോ: അഫ്രഹാത്തിന്റെ ആദ്യത്തെ ലേഖനത്തിന്റെ (Demonstration) തലക്കെട്ട് എന്താണ്?

ഉ: വിശ്വാസത്തെക്കുറിച്ച്.